(സി) ഉണ്ടെങ്കിൽ അതു വ്യക്തമാക്കാമോ;

(ഡി) നിയമ തടസ്സം ഇല്ലെങ്കിൽ ഉടനെ നടപ്പിലാക്കുമോ;

(ഇ) 1970-ന് മുമ്പ് എൻ. എം. ആർ. സർവ്വീസിൽ ഉള്ളവരും ഇപ്പോൾ എസ്റാബ്ലിഷ്മെന്റിൽ ഉൾപ്പെട്ടവരുമായവർക്ക് പി.ഡബ്ലിയു. ഡി.യിൽ 58 വയസ്സുവരെ തുടരാൻ അനുവാദം നൽകിയ ഉത്തരവ് അതോറിറ്റിയിലും ബാധകമാക്കുമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സുപ്രീം കോടതിയുടെ 17-1-1986-ലെ 59-60, 563-70 ഓഫ് 1983 നമ്പരുകളായ സിവിൽ റിട്ട് പെറ്റീഷനുകളിൻമേലുള്ള വിധി ന്യായത്തിൽ ഇത്തരം ഒരു നിർദ്ദേശം അടങ്ങിയിട്ടുള്ളതായി കാണുന്നു.

(ബി) അതിന്റെ വിവിധ വശങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

(സി, ഡി) ജല അതോറിറ്റിയിലെ നിയമനങ്ങളെല്ലാം പി. എസ്. സി.യുടെ പരിധിയിൽക്കൊണ്ടുവന്ന സാഹചര്യത്തിൽ തീരുമാനിച്ചു. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശത്തെക്കുറിച്ച് പരിശോധിക്കാൻ കുറച്ചു സമയം ആവശ്യമുണ്ട്.

(ഇ) ഈ ഉത്തരവ് കേരള വാട്ടർ അതോറിറ്റിയിലും ബാധകമാക്കുന്ന കാര്യം 'അതോറിറ്റി' യുടെ പരിഗണനയിലുണ്ട്.

പാഠപുസ്തകങ്ങളുടെ ലൈബ്രറി വഴിയുള്ള വിതരണം

*511 [545] ശ്രീ. വി. സുരേന്ദ്രൻ പിള്ള:
,, സി. എഫ്. തോമസ്:
,, വി. വി. ജോസഫ്:
,, ടി. എസ്. ജോൺ:

താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ സംഘം ലൈബ്രറി വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

സംഘം സഹകരണ സംഘങ്ങൾ മുഖാന്തിരമാണ് കുട്ടികൾക്കു പാഠപുസ്തകങ്ങൾ വിതരണം നടത്തുന്നത്. പാഠപുസ്തകങ്ങൾ വിലയ്ക്കു വിൽക്കുന്നവ ആയതിനാൽ ലൈബ്രറി വഴിയുള്ള വിതരണം പ്രായോഗികമല്ല.

പാലങ്ങൾ പണിയുവാൻ സമയബന്ധിത പദ്ധതി

*512 [546] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ഒരു സമയ പരിധി വെച്ച് പാലങ്ങൾ പണിയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly